LIBRARY ARCHIVES Kerala Legislative Assembly

കുട്ടികളെ തട്ടിക്കൊണ്ടുപോകുന്ന സംഘങ്ങൾ

129 [1685] *ശ്രീമതി ഗിരിജാ സുരേന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടികളെ തട്ടിക്കൊണ്ടുപോകുന്ന സംഘങ്ങൾ സംസ്ഥാനത്ത് വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു തടയുന്നതിന് ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) ഇതു സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഇതിൽ എത്രയെണ്ണം പൂർത്തീകരിച്ചു; ജില്ല തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

(എ) രണ്ട് സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കുട്ടികളെ തട്ടിക്കൊണ്ടുപോകുന്ന കേസുകളിൽ ഊർജ്ജിതമായി അന്വേഷണം നടത്തി കുറ്റക്കാരെ കണ്ടെത്തുന്നതിനും കേസുകൾ രജിസ്റ്റർ ചെയ്ത് നിയമ നടപടി കൈക്കൊണ്ടുപോരുന്നു.

(സി) *തിരുവനന്തപുരം*

മെഡിക്കൽ കോളേജ് പി. എസ്. ക്രൈം. 10/03 ആയ കേസ് ക്രൈം 175/സി. ആർ./എസ്. ഐ./03 നമ്പർ ആയി ക്രൈംബ്രാഞ്ച് അന്വേഷിച്ചുവരുന്നു.

തൃശ്ശൂർ

വടക്കാഞ്ചേരി പി. എസ്. ക്രൈം നം. 191/05 കേസിൽ 4 പേരെ അറസ്റ്റ് ചെയ്ത്, അന്വേഷണം തുടരുന്നു.

സിനിമാ സീരിയൽ നിർമ്മാണത്തിന്റെ മറവിൽ പെൺകുട്ടികളെ തട്ടിക്കൊണ്ടുപോകുന്ന സംഭവങ്ങൾ

130 [1686] *ശ്രീ. യു. സി. രാമൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിനിമാ സീരിയൽ എന്നിവയിൽ അഭിനയിപ്പിക്കാമെന്ന് വ്യാമോഹിപ്പിച്ച് പെൺകുട്ടികളെ തട്ടിക്കൊണ്ടുപോയി പീഡിപ്പിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കഴിഞ്ഞ 10 വർഷത്തിനിടയ്ക്ക് ഇത്തരം എത്ര സംഭവങ്ങൾ നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(സി) ഇതു തടയുന്നതിനുവേണ്ടി സ്വീകരിച്ച നടപടി വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 2 സംഭവങ്ങൾ നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കുറ്റക്കാർക്കെതിരെ ക്രൈം കേസുകൾ രജിസ്റ്റർ ചെയ്ത് കർശനമായ നിയമ നടപടി കൈക്കൊണ്ടുപോരുന്നു.

കാസർഗോഡ് ജില്ലയിലെ കൊലപാതക കേസുകൾ

131 [1687] *ശ്രീ. ചെർക്കളം അബ്ദുള്ള:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ നടന്ന കൊലപാതക കേസ്സുകളിൽ തീർപ്പാകാതെ കിടക്കുന്ന എത്ര കേസ്സുകൾ ഇനിയുമുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ കൊലപാതക കേസുകളും എപ്പോഴൊക്കെ നടന്നതാണ് എന്ന് അറിയിക്കുമോ;

(സി) അത്തരം ഓരോ കേസിന്റേയും ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 34 കേസ്സുകൾ.

(ബി) അനുബന്ധമായി കൊടുത്തിട്ടുണ്ട്. †

(സി) 16 കേസുകളിൽ രാസപരിശോധനാ ഫലം ലഭിക്കുന്നതിനും 4 കേസുകളിൽ പ്രതികളെ അറസ്റ്റ് ചെയ്യുന്നതിനും 4 കേസുകളിൽ പബ്ലിക് പ്രോസിക്യൂട്ടറിൽ നിന്നും കുറ്റപത്രത്തിൽ നിയമോപദേശം ലഭിക്കുന്നതിനും 3 കേസുകളിൽ പ്രതികളെ തിരിച്ചറിയുന്നതിനും 3 കേസുകളിൽ മറ്റ് അന്വേഷണ നടപടികൾ പൂർത്തീകരിക്കാനുമുണ്ട്. ക്രൈംബ്രാഞ്ച് അന്വേഷിക്കുന്ന 4 കേസ്സുകളിൽ ക്രൈം 423/ സി. ആർ./കെ. എൻ. ആർ./02 കേസന്വേഷണം പൂർത്തിയാക്കി കോടതിയിൽ കുറ്റപത്രം സമർപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. 121/സി.ആർ./കെ. എൻ. ആർ./01 കേസിൽ രണ്ട് പ്രതികളെ കൂടി അറസ്റ്റ് ചെയ്യാനുണ്ട്. 415/സി. ആർ./കെ. എൻ. ആർ./02 കേസിൽ പ്രതികളെ ആരെയും അറസ്റ്റ് ചെയ്തിട്ടില്ല. 54/ സി. ആർ. /കെ. എൻ. ആർ./03 കേസിൽ ഒരു പ്രതിയെ കൂടി കണ്ടെത്തി അറസ്റ്റ് ചെയ്യാനുണ്ട്. ഈ കേസുകളുടെ അന്വേഷണം ഊർജ്ജിതമായി നടത്തിവരുന്നു.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly